**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 776** **16.07.2014-ൽ മറുപടിയ്ക്ക്**

## മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) വൈദ്യുതി ആവശ്യപ്പെട്ട് ഏതെങ്കിലും സംസ്ഥാനത്തിന് കത്തെഴുതിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്കാണ് കത്തെഴുതിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കത്തുകൾക്ക് ഏതെങ്കിലും സംസ്ഥാനത്തുനിന്ന് മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(സി) വൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത സംസ്ഥാനങ്ങൾക്ക് മുമ്പാകെ വച്ചിട്ടുള്ളത് ; ഇതു പ്രകാരം എത്രമാത്രം വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

(എ) (ബി) & (സി) നിലവിൽ കേരളത്തിന്റെ ആഭ്യന്തര ഉപയോഗം നിറവേറ്റുന്നതിനായി വൈദ്യുതി ലഭിക്കാതെ വരികയും, ഈ കാലയളവിൽ തമിഴ്നാട്ടിൽ വൈദ്യുതി അധികമായി ലഭിക്കാൻ സാധ്യത മുന്നിൽ കാണുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അവിടെ ആഭ്യന്തര ആവശ്യം കഴിഞ്ഞു വരുന്ന വൈദ്യുതി വാങ്ങാൻ കേരളം തയ്യാറാണെന്ന് കാണിച്ച് ഒരു കത്ത് ബഹു. മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് 18-06-2014-ൽ അയച്ചിട്ടുണ്ട്. എന്നാൽ ഇതിന് മറുപടി ലഭിച്ചിട്ടില്ല.

തമിഴ്നാട് സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലും, വ്യവസ്ഥകൾക്കും അനുസരിച്ച് പ്രസ്തുത വൈദ്യുതി കേരളത്തിനു വേണ്ടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വാങ്ങാമെന്നാണ് ഇതിൽ സൂചിപ്പിച്ചിരുന്നത്.

**സെക്ഷൻ ഓഫീസർ.**